# നബിദിനാഘോഷത്തിന് അടിസ്ഥാനമുണ്ടോ ?

*എം.പി. അബ്ദുൽ ഖാദിർ കരുവമ്പൊയിൽ*

പ്രവാചകൻ(സ്വ)യുടെ ജന്മ ദിനത്തോടനുബന്ധിച്ച് റബീഉൽ അവ്വൽ മാസത്തിനും പ്രസ്തുത മാസത്തിലെ പന്ത്രണ്ടാം തിയ്യതിക്കും മതപരമായ പ്രത്യേകതകൾ കൽപിച്ചു കൊണ്ട് ആഘോഷിക്കുകയും ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക; സാങ്കേതികമായി നബിദിനം എന്നത് കൊണ്ടുള്ള വിവക്ഷ ഇതാണ്. ഇതിന് മതത്തിൽ അടിസ്ഥാനമുണ്ടെന്നും നബി(സ്വ)യുടെ കാലത്ത് തന്നെയുണ്ടെന്നും നബിദിന വാദികൾ പറയുന്നു. ഒരു മുസ്ല്യാരോടുള്ള ചോദ്യവും അതിനദ്ദേഹം നൽകിയ മറുപടിയും കാണുക:

‘‘? ജന്മദിനാഘോഷം ഏതു കാലം മുതൽക്കാണ് തുടങ്ങിയത്?’’
അടിസ്ഥാനപരമായി നബിയുടെ കാലത്ത് തന്നെ തുടങ്ങിയിട്ടുണ്ട്.’’ (പൂങ്കാവനം മാസിക. 1994 സെപ്തമ്പർ. എ.പി. മുഹമ്മദ് മുസ്ല്യാർ. കാന്തപുരം)

സുന്നത്ത് മാസികയിലെഴുതുന്നു: ‘‘നബിദിനാഘോഷത്തിന് നബി(സ്വ)യുടെ ജന്മ ദിനത്തിന്റെ അത്ര തന്നെ പഴക്കമുണ്ട്.’’ (1985 ഡിസമ്പർ)

പേരോട് സഖാഫി പറയുന്നു: ‘‘നബിയുടെ ജനനം മുതൽ തന്നെ നബിദിനാഘോഷവും തുടങ്ങി.’’ (സിറാജ് 2008 ഏപ്രിൽ 1)

പ്രവാചകന്റെ ജന്മദിനം എന്നാൽ എന്താണെന്ന് നാം വിശദീകരിച്ചു കഴിഞ്ഞു. ഇത് അടിസ്ഥാനമുള്ളതാണെന്നും നബി(സ്വ)യുടെയും സ്വഹാബത്തിന്റെയും കാലത്തുണ്ടെന്നും പറയണമെങ്കിൽ റബീഉൽ അവ്വൽ മാസത്തിലോ പന്ത്രണ്ടാം തിയ്യതിയിലോ മതപരമായ പ്രത്യേകതകൾ കൽപിച്ചു കൊണ്ട് അവരെന്തെങ്കിലും ചെയ്തുവെന്ന് ഖുർആൻ കൊണ്ടോ സ്വഹീഹായ ഹദീഥുകൾ കൊണ്ടോ തെളിയണം. നബിദിന വാദികൾ ഇന്നേവരേ അത് തെളിയിച്ചിട്ടില്ല. തെളിവെന്നോണം അവർ ഉദ്ധരിക്കുന്ന കാര്യങ്ങളാവട്ടെ റബീഉൽ അവ്വൽ മാസവുമായോ പന്ത്രണ്ടാം തിയ്യതിയുമായോ പ്രത്യേകമായ യാതൊരു ബന്ധവുമില്ലാത്ത കുറെ കാര്യങ്ങളാണ്. വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങൾ എത്ര എടുത്തുദ്ധരിച്ചാലും നബിദിനാഘോഷത്തിന് അടിസ്ഥാനമുണ്ടെന്ന് അത് കൊണ്ട് തെളിയില്ല.

നബി(സ്വ)യും സ്വഹാബത്തും മതപരമാക്കാത്ത കാര്യങ്ങൾ മതപരമാക്കാനും പുണ്യമാക്കാനും സംഭവവുമായി ബന്ധമില്ലാത്ത കാര്യങ്ങൾ അടിസ്ഥാനമാക്കുകയാണെങ്കിൽ നബിദിനക്കാർ എതിർക്കുന്ന പല കാര്യങ്ങൾക്കും ദീനിൽ അടിത്തറയുണ്ടെന്നും പുണ്യമാണെന്നും അവർ തന്നെ അംഗീകരിക്കേണ്ടി വരും. ഉദാഹരണമായി പറഞ്ഞാൽ ബറാഅത്ത് രാവിൽ പ്രത്യേകമായി നമസ്കരിക്കുന്ന നൂറ് റക്അത്ത്, റമളാൻ അവസാനത്തെ വെള്ളിയാഴ്ച പതിനേഴ് റക്അത്ത് നമസ്കരിക്കൽ, റജബ് മാസം ആദ്യത്തെ വെള്ളിയാഴ്ച രാവ് പന്ത്രണ്ട് റക്അത്ത് നമസ്കരിക്കൽ, ബാങ്കിന് മുമ്പും തറാവീഹിന് ഇടയിലും പ്രത്യേകമായി സ്വലാത്ത് ചൊല്ലൽ എന്നിവ. നമസ്കാരം, റുകൂഅ്, സുജൂദ്, ദിക്റുകൾ, ഖുർആൻ പാരായാണം, നബി(സ്വ)യുടെ

പേരിലുള്ള സ്വലാത്ത് എന്നിവയാണ് ഇവകളിൽ ഉള്ളത്. ഇതിന്റെയെല്ലാം ശ്രേഷ്ഠതകൾ ക്വുർആനിലും സ്വഹീഹായ ഹദീഥുകളിലും ധാരാളമുണ്ട്. ഇത് അടിസ്ഥാനമാക്കി എടുക്കാതെ മേൽ പറഞ്ഞ നമസ്കാരങ്ങളെയും സ്വലാത്തിനെയുമെല്ലാം നബിദിനക്കാർ എതിർക്കുന്നത് കാണുക:

''റജബ് ആദ്യത്തെ വെള്ളിയാഴ്ച രാവ് 'റഗാഇബ്' എന്ന പേരിൽ നിർവ്വഹിക്കപ്പെടുന്ന പന്ത്രണ്ട് റക്അത്ത് നമസ്കാരം, ബറാഅത്ത് രാവിൽ നമസ്കരിക്കുന്ന നൂറ് റക്അത്ത്, സംശയാടിസ്ഥാനത്തിൽ മുമ്പ് ഖളാആയിപ്പോയ അഞ്ച് ഫർള്നമസ്കാരങ്ങൾക്ക് പരിഹാരമെന്നോണം റംസാൻ അവസാനത്തെ വെള്ളിയാഴ്ച പതിനേഴ് റക്അത്ത് നമസ്കരിക്കൽ, മുഹറം പത്തിന് നാലോ അതിൽ കൂടുതലോ റക്അത്ത് നമസ്കരിക്കൽ ഇവയൊന്നും സുന്നത്തില്ല. പ്രത്യുത അവയെല്ലാം അടിസ്ഥാന രഹിതമായ അന്ധ വിശ്വാസങ്ങളും അനാചരങ്ങളുമാണ്. ഇതെല്ലാം നിർവ്വഹിക്കുന്നവൻ കുറ്റക്കാരനായിത്തീരുകയും ചെയ്യും.'' (ഇർശാദുൽ ഇബാദ് മലയാള പരിഭാ. പേജ് 123)

''ഹദീഥുകളിലൊന്നും ബാങ്കിന് മുമ്പ് സ്വലാത്ത് ചൊല്ലുന്നത് പരാമർശിച്ചതായി ഞാൻ കണ്ടിട്ടില്ല. ഇമാമുകളുടെ വാക്കുകളിലും തഥൈവ. അപ്പോൾ പ്രസ്തുത സമയം സ്വലാത്ത് ചൊല്ലൽ സുന്നത്താണെന്ന വിശ്വാസത്തോടെ ചൊല്ലുന്നത് തടയപ്പെടേണ്ടതാണ്.'' (ഫതാവാ മുഹ്യുസ്സുന്ന. 1/53. പൊന്മള അബ്ദുൽ ഖാദിർ മുസ്ല്യാർ)

''തറാവീഹിന്നിടയിൽ എന്ന സ്ഥല വിശേഷണത്തോടെ ഒരു സ്വലാത്തുണ്ടെന്ന് കരുതി വല്ലവനും സ്വലാത്ത് ചൊല്ലുന്നുണ്ടെങ്കിൽ അവനെ തടയണം.'' (സുന്നത്ത് ജമാഅത്ത് ഒരു ക്ലാസ് ഡയറി. 1/79. ബശീർ ഫൈസി. വെണ്ണക്കോട്.)

ഇനി നബിദിന വാദികൾ ചിന്തിക്കുക. മേൽ പറഞ്ഞ നമസ്കാരങ്ങളിൽ ഉള്ളത് റുകൂഉം സജൂദും തക്ബീറുകളും ഫാതിഹയും സൂറത്തുകളും സ്വലാത്തുമാണ്. നബി(സ്വ)യും സ്വഹാബികളും നമസ്കരിച്ചതും, സ്വലാത്ത് ചൊല്ലിയതും, ക്വുർആൻ പാരായാണം ചെയ്തതും എമ്പാടും സ്വഹീഹായ ഹദീഥുകളിലുണ്ട്. അതിനാൽ ഈ നമസ്കാരങ്ങളും സ്വലാത്തുകളുമെല്ലാം പുണ്യമുള്ളതാണെന്നും അടിസ്ഥാനമുള്ളതാണെന്നും ഏതെങ്കിലും ഒരു സഖാഫി വാദിച്ചാൽ നബിദിന വാദികൾ അവരോടെന്ത് മറുപടി പറയും? ക്വുർആനിലും സ്വഹീഹായ ഹദീസുകളിലും മറ്റുള്ള സന്ദർഭങ്ങളിൽ പറഞ്ഞ നമസ്കാരങ്ങളും ക്വുർആൻ പാരായണവും സ്വലാത്തുകളും പൊക്കിപ്പിടിച്ച് ബറാഅത്ത് രാവിലെ നൂറ് റക്അത്തിനും ബാങ്കിന്റെ മുമ്പുള്ള പ്രത്യേക സ്വലാത്തിനും അടിസ്ഥാനമുണ്ടെന്ന് നിങ്ങൾ പറയുമോ? ഇല്ലെന്നാണ് മറുപടിയെങ്കിൽ നബിദിനാഘോഷത്തിന് അടിസ്ഥാനമില്ലെന്നും ചീത്ത കാര്യമാണെന്നും പറയുന്ന മുസ്ലിംകൾക്ക് പറയാനുള്ള മറുപടിയും ഇതുതന്നെയാണ്. റബീഉൽ അവ്വലുമായോ പന്ത്രണ്ടാം തിയ്യതിയുമായോ പ്രത്യേകമായ യാതൊരു ബന്ധവുമില്ലാത്ത മദ്ഹ് പറയലുകളും, ദാനധർമ്മങ്ങളും, നോമ്പും, സ്വലാത്ത് ചൊല്ലലുമെല്ലാം ക്വുർആനിലും സ്വഹീഹായ ഹദീസുകളിലുമുണ്ട്. ഈ മാസത്തിനും തിയ്യതിക്കും മതപരമായി പ്രത്യേകതയുണ്ടെന്ന് പറയാൻ അതൊരിക്കലും തെളിവാകുകയില്ല. ഈ മാസവും തിയ്യതിയുമായി പ്രത്യേക ബന്ധമില്ലാത്ത കർമ്മങ്ങൾ നബിദിനാഘോഷത്തിന് അടിസ്ഥാനമുണ്ടെന്ന വാദത്തിനും തെളിവാകയില്ല. നമസ്കാരത്തിന്റെ കാര്യത്തിൽ സ്വയം ഇച്ഛക്കൊത്ത് മതപരമായ പ്രത്യേകത കെട്ടിയുണ്ടാക്കാൻ പാടില്ലെന്നും റബീഉൽ അവ്വലിനും പന്ത്രണ്ടാം തിയ്യതിക്കും അങ്ങനെയൊക്കെ ആവാമെന്നും ഇസ്ലാം എവിടെയും വിഭജിച്ചു പറഞ്ഞിട്ടില്ല. ബാങ്കിന്റെ മുമ്പ് എന്ന സമയത്തിന് സ്വന്തിഷ്ട പ്രകാരം മതത്തിൽ പ്രത്യേകത കൽപ്പിക്കാൻ പാടില്ലെന്നും റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടിലും നിങ്ങളുടെ സ്വന്തിഷ്ട പ്രകാരം അതെല്ലാം ചെയ്യാമെന്നും പറഞ്ഞിട്ടില്ല. തന്നിഷ്ടത്തിനൊത്ത് മതത്തിൽ പുതിയതായ ശ്രേഷ്ഠതകൾ കെട്ടിയുണ്ടാക്കുന്നത് എവിടെയായാലും എന്ത് കാര്യത്തിനായാലും തെറ്റ് തന്നെയാണ്. ഇബ്നു ഹജറുൽ ഹൈതമി, സുയൂത്വി, അബൂശാമ തുടങ്ങിയ പിൽകാലക്കാരായ ആളുകൾക്ക് തങ്ങളുടെ ബുദ്ധിയിൽ നല്ലതെന്ന് തോന്നുന്ന തനുസരിച്ച് മതത്തിൽ പുതിയതായ കാര്യങ്ങളുണ്ടാക്കാമെന്നും ഇന്നുള്ള ആളുകൾക്കേ അത് പാടില്ലാത്തതുള്ളൂ എന്നും മതം വകതിരിച്ചിട്ടില്ല. ബുദ്ധിയിൽ തോന്നിയതനുസരിച്ച് മതത്തിൽ പുതിയത് കെട്ടിയുണ്ടാക്കൽ തെറ്റാണെന്ന നിയമം മേൽ പറഞ്ഞവർക്കും ഖിയാമത്ത് നാൾ

വരെയുള്ള എല്ലാവർക്കും ബാധകമാണ്. അതിനാൽ ക്വുർആനിനും സ്വഹീഹായ ഹദീഥുകൾക്കും പകരം ഇത്തരക്കാരായ ആളുകളുടെ സ്വയം ബുദ്ധി പ്രമാണമായി ഉദ്ധരിക്കരുതെന്നേ നബിദിന വാദികളോട് പറയാനുള്ളൂ. പിൽകാലക്കാർ അവരുടെ പുസ്തകത്തിൽ അറബിയിൽ എഴുതി എന്നത് കൊണ്ട് മാത്രം ഇസ്‌ലാമിൽ അത് തെളിവാകുകയില്ല. പ്രവാചകന്റെ ഒരു ഹദീഥും നബിദിനക്കാർ നൽകിയ ചില വിശദീകരണങ്ങളും സാന്ദർഭികമായി ഇവിടെ ഉദ്ധരിക്കട്ടെ: ‘‘പാതകളിൽ ഏറ്റവും ഉത്തമമായത് മുഹമ്മദ് നബിയുടെ പാതയാകുന്നു. കാര്യങ്ങളിൽ ഏറ്റവും നിഷിദ്ധമായിട്ടുള്ളത് പുതിയ നടപടികളാകുന്നു. പുതിയ നടപടികളെല്ലാം പിഴവുമാണ്.’’ (മുസ്നദ് അഹ്മദ്, അബൂദാവൂദ്, തുർമുദി, ഇബ്നു മാജ) ‘‘(അഹ്‌ലുസ്സുന്നത്തി വൽജമാഅത്തും എഴുപത്തി രണ്ട് വിഭാഗവും പേജ്. 11 കെ.എ മജീദ് ഫൈസി കിഴിശ്ശേരി.)

‘‘നമ്മുടെ കാര്യത്തിൽ (ദീനിൽ) ഇല്ലാത്ത ഒരു പ്രവർത്തി ആരു ചെയ്താലും അത് തള്ളപ്പെടേണ്ടതാകുന്നു. അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം ‘നമ്മുടെ കാര്യത്തിന് വ്യത്യാസമായി ആരെങ്കിലും ഒരു കാര്യം പ്രവർത്തിക്കുകയാണെങ്കിൽ അത് തള്ളപ്പെടേണ്ടതാകുന്നു. ഈ ഹദീഥുകളിൽ നിന്നും നബി തിരുമേനി ഏതൊരു പ്രബോധനമാണോ അവിടന്ന് ഉമ്മത്തിനെ പഠിപ്പിച്ചിട്ടുള്ളത് ഏത് നടപടികളാണോ ദീനിന്റെ നടപടികളായി കാണിച്ചു തന്നിട്ടുള്ളത് അവയിൽ ഒരളവോളമെങ്കിലും കൂടുതലോ കുറവോ ആകുന്നത് ബിദ്അത്ത് ആണ് എന്നും അത് ഒരു പ്രകാരത്തിലും ഇസ്‌ലാമാവുകയില്ല എന്നും സ്പഷ്ടമാണ്.’’ (അതേ പുസ്തകം. പേജ്. 12)

പിൽക്കാലക്കാരായ ഖോജാക്കളടക്കം ലോകാവസാനം വരെയുള്ള എല്ലാവരെയും ഉൾപ്പെടുത്തിയാണ് നമ്മുടെ ദീനിൽ ഇല്ലാത്തത് ആരു ചെയ്താലും എന്നും അത് തള്ളപ്പെടേണ്ടതാണ് എന്നും നബി(സ്വ) പറഞ്ഞത്.

ഇനി നമുക്ക് നബിദിനാഘോഷക്കാരോട് ചിലത് ചോദിക്കാം. നബിദിനാഘോഷത്തിന് തെളിവായി നിങ്ങൾ ഉദ്ധരിക്കുന്ന ആയത്തുകളെയും ഹദീഥുകളെയും പറ്റി നിങ്ങളേക്കാളും നിങ്ങൾ തെളിവായി ഉദ്ധരിക്കുന്ന പിൽക്കാല പണ്ഡിതരേക്കാളും പഠിച്ചതും പ്രാവർത്തികമാക്കിയതും നബി(സ്വ)യും അവിടത്തെ സ്വഹാബികളുമല്ലേ? തദടിസ്ഥാനത്തിൽ റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടാം തിയ്യതിയും മതപരമായ പ്രത്യേക കർമ്മങ്ങൾ എന്തെങ്കിലും അവരാരെങ്കിലും ചെയ്തിരുന്നോ? എങ്കിൽ അതിന്റെ തെളിവെവിടെ? അന്ന് പ്രത്യേകമായി അവർ ചെയ്ത് നമുക്ക് മാതൃക കാട്ടിയ അടിസ്ഥാന കർമ്മങ്ങൾ എന്തൊക്കെ? ക്വുർആനോ സ്വഹീഹായ ഹദീസോ ഉദ്ധരിക്കുക.

ഹൈതമി, സുയൂത്വി തുടങ്ങിയ പിൽക്കാലക്കാരായ ചില ആളുകളുടെ യുക്തിയെ മാത്രം അടിസ്ഥാനപ്പെടുത്തി നബിദിനാഘോഷമെന്ന ദുരാചാരത്തിന് മേൽവിലാസമുണ്ടാക്കാൻ പാടുപെടുന്ന നബിദിനക്കാരോട് സാന്ദർഭികമായി ഒരു ക്വുർആനികാദ്ധ്യാപനം പറയാം: ‘‘സ്വന്തം ഇച്ഛക്കൊത്ത് അദ്ദേഹം സംസാരിക്കുകയില്ല. അത് അദ്ദേഹത്തിന് നൽകപ്പെടുന്ന സന്ദേശം (വഹ്‌യ്)മാത്രമാണ്.’’ (നൂറ:നജ്മ്. 3,4)

പ്രവാചകനെ സംബന്ധിച്ചാണ് വിശുദ്ധ ക്വുർആൻ ഇപ്പറഞ്ഞത്. അവിടത്തെ ബുദ്ധിയിൽ നല്ലതെന്ന് തോന്നുന്നതനുസരിച്ച് മതത്തിൽ പുതിയതായ ഏതെങ്കിലും സമയമോ, സന്ദർഭമോ, ആരാധനകളോ, ആഘോഷങ്ങളോ ഒന്നും തന്നെ കെട്ടിയുണ്ടാക്കാൻ പാടില്ല. അവിടുന്ന് മതകാര്യങ്ങൾ മുഴുവനും പറഞ്ഞിട്ടുള്ളത് വഹ്‌യിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. നബി(സ്വ)ക്ക് പോലും സ്വന്തിഷ്ടപ്രകാരം മതത്തെപ്പറ്റി പറയാൻ അധാകാരമില്ലെങ്കിൽ പിൽക്കാല ഇമാമുകൾക്കും പണ്ഡിതന്മാർക്കും ഇതിന്നധികാരമുണ്ടാവുമോ? നബിദിന വാദികൾ തന്നെയെഴുതട്ടെ: ‘‘ഏതെങ്കിലും വെളിച്ചപ്പാടിലൂടെയും തോന്നലുകളിലൂടെയും ഊഹങ്ങളിലൂടെയും കിട്ടുന്ന ആശയങ്ങൾക്ക് പിന്നിൽ പോകുന്നത് സാധാരണക്കാർക്കും പണ്ഡിതർക്കും നല്ലതല്ലെന്ന് സുലൈമാൻ മുസ്‌ലിയാർ പറഞ്ഞു.’’ (സിറാജ് 2003 ഓഗസ്റ്റ് 3)

നെല്ലിക്കുന്നത്ത് ഇസ്മാഈൽ മുസ്ല്യാർ എഴുതുന്നു: ''മതാചാര്യന്മാരുടെ മനസ്സിൽ ഉദിച്ചു വരുന്നത് മതമായി അംഗീകരിച്ചാൽ നാം അല്ലാഹുവിന്റെ നിയമങ്ങൾ അംഗീകരിച്ചവരാവുകയില്ല.'' (ഇസ്ലാം മതം–പേജ് 171)

റബീഉൽ അവ്വൽ മാസത്തിലോ, പന്ത്രണ്ടാം തിയ്യതിയോ പ്രത്യേകമായിട്ടുള്ള നബിദിനാഘോഷം അവിടുന്നും സ്വഹാബികളും മതമാക്കിയിട്ടില്ലെന്ന വസ്തുതയിലേക്കാണ് നബിദിനക്കാർ പോലും എത്തിച്ചേരുന്നത്. അൽ മുഅല്ലിം മാസികയിലെഴുതുന്നു: ''ഇനി നമുക്ക് നബിദിനം ആഘോഷിക്കുന്നതിലേക്ക് മടങ്ങാം. നബി തിരുമേനി(സ്വ)യുടെ കാലത്ത് ഏതെങ്കിലും പ്രവാചകന്റെയോ പുണ്യ പുരുഷന്റെയോ ജന്മദിനം കൊണ്ടാടുന്ന സമ്പ്രദായം നിലവിലില്ല. അത് കൊണ്ട് തന്നെ അതിനെക്കുറിച്ച് തിരുമേനി വ്യക്തമായി ഒന്നും നിർദ്ദേശിച്ചിട്ടുമില്ല.'' (2006 ഏപ്രിൽ)

ഇത് മതപരമായ കാര്യമോ സുന്നത്തോ അല്ലെന്നും ഇവർക്ക് സമ്മതിക്കേണ്ടി വരുന്നു: ''നബി(സ്വ)യുടെ ജന്മദിനം ആഘോഷിക്കുന്നതും മരണപ്പെട്ടവർക്ക് വേണ്ടി അനുശോചന സമ്മേളനത്തിൽ ഭക്ഷണം വിതരണം ചെയ്യുന്നതും മതപരമായ ലക്ഷ്യമോ ചിഹ്നമോ അല്ല. അത് ഒരു നൂതന ഇബാദത്തോ സുന്നത്തോ ആണെന്നോ ഈ നിലക്ക് പ്രതിഫലം ലഭിക്കുന്ന ഒരു ദീനീ കർമ്മമാണെന്നോ ആരെങ്കിലും കണക്കാക്കുന്നതായി ഞാൻ കരുതുന്നില്ല.'' (ഹിക്മത്ത് വാരിക 1986 ഫെബ്രുവരി 20)

നല്ല ആചാരവും സുന്നത്തുമാണെന്ന് നബിദിനത്തെ പറ്റി എഴുതിയതിന്റെ തൊട്ട് മുന്നെ തന്നെ അതിന്റെ കാലപ്പഴക്കം ഇവർക്ക് സമ്മതിക്കേണ്ടി വരുന്നത് കാണുക: ''മൗലിദ് കഴിക്കലും അതിന് വേണ്ടി ജനങ്ങളെ സംഘടിപ്പിക്കലും പിൽക്കാലത്തുള്ള......'' (ഒരു വർഷത്തിലെ മുസ്ലിം വിശേഷ ദിവസങ്ങൾ പേജ് 47)

മുൻ കാലത്ത് ഇതില്ലെന്ന് വ്യക്തമായി. ഇമാം സഖാവി അവർകൾ പറയുന്നു: ''മൂന്നാം നൂറ്റാണ്ട് മുതൽ ആരംഭിച്ചിട്ടുണ്ട് മൗലിദ് കൊണ്ടാടൽ... പിന്നീട് ലോകത്തിന്റെ മുക്കിലും മൂലയിലുമുള്ളവരടക്കം എല്ലാ മുസ്ലിംകളും മൗലിദ് നടത്താൻ തുടങ്ങി.'' (സുന്നി. 2/51. പി. മുഹമ്മദ് കുട്ടി മുസ്ല്യാർ)

മൂന്നാം നൂറ്റാണ്ട് വരെയുള്ള മുസ്ലിംകൾക്കൊന്നും ഇത് പരിചയമില്ലെന്ന് വ്യക്തം. ഇനി മാന്യ വായനക്കാർ ചിന്തിക്കൂ. 'എന്റെ ദീനിൽ ഇല്ലാത്തത് ആരെങ്കിലും ചെയ്താൽ' എന്ന് നബി(സ്വ) പറഞ്ഞതിൽ നിന്ന് മൂന്നാം നൂറ്റാണ്ടിന് ശേഷമുള്ളവർ ഒഴിവാണോ? മൂന്നാം നൂറ്റാണ്ട് കഴിഞ്ഞാൽ ശേഷമുള്ള ആളുകൾക്ക് നബി(സ്വ)യുടെയും സ്വഹാബികളുടെയും മാതൃകയില്ലാതെ മതപരമായി പുതിയ ശ്രേഷ്ഠ തിയ്യതികളും മാസങ്ങളുമെല്ലാം ഉണ്ടാക്കാമെന്നാണോ? തീർച്ചയായും ഇങ്ങിനെ ഒരു ദീൻ അവിടുന്ന് പഠിപ്പിച്ച ഇസ്ലാം മതത്തിലില്ല.

നബിദിനാഘോഷം നല്ലതാണെന്നും പുണ്യമാണെന്നും നബി(സ്വ)യുടെ കാലത്തുള്ളതാണെന്നും അടിസ്ഥാനമുള്ളതാണെന്നും മുന്നിലും പിന്നിലുമെല്ലാം എഴുതിയിട്ടും അതിന്റെ കാലപ്പഴക്കം പിൽക്കാലത്താണെന്ന് അതോടൊപ്പം തന്നെ സമ്മതിക്കേണ്ടി വരുന്ന ഗതികേടാണ് നബിദിന വാദികൾക്ക് വന്നുപെട്ടത്. ഇതേ വിഭാഗം തന്നെയാണ് ഹദീഥായി കാണിച്ചു തന്നതിൽ ഒരളവോളം കൂട്ടുകയോ കുറക്കുകയോ ചെയ്താൽ അത് ദീനാകുകയില്ലെന്നും എഴുതിയത്. നബിദിനാഘോഷം അടിസ്ഥാനമില്ലാത്ത ദുരാചാരമാണെന്നതിന് ഇതിലും വലിയ തെളിവ് ഇനിയെന്ത് വേണം. ചില തെളിവുകൾ കൂടി കാണുക:

1) ഹിക്മത്ത് വാരികയിൽ എഴുതുന്നു: ''ഇമാം സ്വുയൂത്വിയുടെ അഭിപ്രായം ശ്രദ്ധിക്കൂ. മൗലീദാഘോഷത്തിന്റെ അടിസ്ഥാനം ജനങ്ങൾ സംഘടിക്കൽ, ക്വുർആൻ പാരായണം, നബി ചരിത്രം പറയൽ, പ്രത്യേക വിഭവങ്ങൾ ഉണ്ടാക്കി സദ്യ നടത്തൽ എന്നിവയിൽ കവിഞ്ഞ് മറ്റൊന്നുമല്ല. ഇങ്ങിനെ ചെയ്യുന്നത് പ്രതിഫലാർഹമായ ബിദ്അത്ത് ഹസനത്താകുന്നു'' (ഹിക്മത്ത് വരിക 1987 നവംബർ 6).

ബിദ്അത്താണെന്ന് ഇവർ സമ്മതിച്ചല്ലോ? ഇനി എന്താണ് ബിദ്അത്തെന്നും ഇവർ തന്നെ എഴുതുന്നു: ''പ്രവാചക തിരുമേനിയുടെ കാലത്തില്ലാത്തതിനെ പുതുതായി ഉണ്ടാക്കുന്നതാണ് ശറഇന്റെ ഭാഷയിൽ ബിദ്അത്ത് എന്ന് പറയുന്നത്.'' (അതേ വാരിക)

2) തഴവ മുസ്ലിയാർ എഴുതുന്നു: ''മൗലീദ് കഴിക്കൽ മുമ്പ് പതിവില്ലാത്തതാ
അത് ഹിജ്റ മുന്നൂറിന്ന് ശേഷം വന്നതാ
എന്നും സഘാവി പറഞ്ഞതായ് കാണുന്നതാ
അത് ഹലബി ഒന്നാം ഭാഗമിൽ നോക്കേണ്ടതാ''
(അൽ–മവാഹിബുൽ ജലിയ്യ 3/50)

സ്വയം സുന്നത്താണെന്നും നല്ലതാണെന്നും പറഞ്ഞതല്ലാതെ പഴയ രൂപത്തിൽ റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടിലും പ്രത്യേകമായ എന്തെങ്കിലും ഒന്ന് നബി(സ്വ)യോ സ്വഹാബത്തോ ചെയ്തുവെന്നു തഴവ അവകാശപ്പെടുന്നില്ല. പുതിയ രൂപത്തെക്കുറിച്ചാണ് താൻ ഇങ്ങിനെ എഴുതിയതെന്നും മുസ്ലിയാർ അവകാശപ്പെട്ടിട്ടില്ല. അടിസ്ഥാനപരമായി തന്നെ മൂന്നു നൂറ്റാണ്ട് വരെ ഉണ്ടായിട്ടില്ലെന്ന് സുന്നി വോയ്സ് വാരികയിൽ എഴുതിയത് ശേഷം വരുന്നുണ്ട്. തഴവയുടെ മുന്നിലും പിന്നിലുമുള്ള വരികൾ വായിച്ച് നബിദിന വാദികൾ കബളിപ്പിക്കുമ്പോൾ ഈ വസ്തുത വായനക്കാർക്ക് ഓർമ്മയുണ്ടായിരിക്കണം. ഇത് മതപരമായ കാര്യമല്ലെന്നും ആറാം നൂറ്റാണ്ടുകാരായ ആളുകളുടെ കാലത്തുണ്ടായ പുതിയ ആചാരമാണെന്ന് എഴുതിയതുമെല്ലാം തഴവയുടെ വരികളോട് കൂട്ടി വായിക്കണം.

3)''മൗലീദാഘോഷം ആദ്യ മൂന്ന് നൂറ്റാണ്ടിലുണ്ടായിരുന്നില്ല'' (രിസാല വാരിക 1998 ജൂലൈ 10)

പുതിയ രൂപം പഴയ രൂപം എന്ന് വേർതിരിക്കാതെ മൊത്തത്തിലുള്ള മൗലീദാഘോഷത്തിനെ പറ്റിയാണിവിടെ പറയുന്നത്.

4) ഹിജ്റ ആറാം നൂറ്റാണ്ടിൽ ജീവിച്ച അബുശാമ നബിദിനാഘോഷത്തിന്റെ തുടക്കക്കാലം രേഖപ്പെടുത്തുന്നത് ഇങ്ങനെ: ''വർഷം തോറും നബി(സ്വ)യുടെ ജൻമദിനത്തോടനുബന്ധിച്ച് നടന്നു വരുന്ന ദാനധർമ്മങ്ങളും സൽകർമ്മങ്ങളും സന്തോഷപ്രകടനങ്ങളും അലങ്കാരങ്ങളുമെല്ലാം നമ്മുടെ കാലത്തുണ്ടായ ഏറ്റവും നല്ല പുത്തനാചാരങ്ങളാണ്.''(സുന്നി അഫ്കാർ വാരിക–1999 ജൂൺ–23)

ആറാം നൂറ്റാണ്ടുകാരനായ ഒരാൾ 'നമ്മുടെ കാലത്തുണ്ടായ' എന്നും 'പുത്തനാചാരമെണെന്നും' പറഞ്ഞാൽ അതിന്റെ പഴക്കം ഏറെ പരതേണ്ടതില്ലല്ലോ.

5). ഇതേ കുറിച്ച് ആഴത്തിൽ പഠിച്ചെന്ന് പറയുന്ന സുയൂത്വിയുടെ അഭിപ്രായത്തെ പറ്റി: ''നബിദിനാഘോഷത്തിന്റെ ഉൽഭവത്തെ പറ്റി ആഴത്തിൽ പഠിച്ച ഇമാം സുയൂത്വിയുടെ അഭിപ്രായത്തിൽ ഹിജ്റ ആറാം നൂറ്റാണ്ടിൽ തന്നെ നബിദിനാഘോഷങ്ങൾ നടന്നിട്ടുണ്ട്''(സുന്നത്ത് മാസിക 2001 ജൂൺ)

6). സുന്നീ വോയ്സ് വാരിക എഴുതുന്നു: ''അടിസ്ഥാന പരമായി മൗലീദ് ബിദ്അത്താണ്. ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ മഹത്തുക്കളായ മുസ്ലിംകളിൽ നിന്ന് കൈമാറി വന്ന ആചാരമല്ല അത്'' (സുന്നി വോയ്സ് 2000 ജൂലൈ 16)

നബിദിനാഘോഷം നമ്മുടെ കാലത്തുണ്ടായ ആചാരമാണെന്നും പുതിയതാണെന്നും മൂന്ന് നൂറ്റാണ്ട് വരേ ഉണ്ടായിട്ടില്ലെന്നും ആറാം നൂറ്റാണ്ട് മുതൽ തുടങ്ങിയതാണെന്നും മതപരമായ ഒരാചാരമല്ല ഇതെന്നും നബിദിന വാദികൾ തന്നെ സമ്മതിച്ചു കഴിഞ്ഞു. അതിന്റെ മുമ്പിലും പിമ്പിലുമൊക്കെ സുന്നത്താണെന്നും നല്ലതാണെന്നും എഴുതിയിട്ടുണ്ടെന്ന ദുർന്യായത്തിന്

ഇനി നില നിൽപ്പില്ല. കാരണം നബി(സ്വ)ക്കും സ്വഹാബികൾക്കും പരിചയമില്ലാത്ത ഏതെങ്കിലും ഒരു മാസത്തിനോ തിയ്യതിക്കോ സമയത്തിനോ സന്ദർഭത്തിനോ മതപരമായ പ്രത്യേകതയുണ്ടെന്ന് പിൽക്കാലക്കാരായ ഖോജാക്കളെല്ലാം എഴുതുകയും പറയുകയും ചെയ്താലും മതത്തിൽ അത് പുണ്യമോ സുന്നത്തോ ആവുകയില്ല. എന്റെ ദീനിൽ ഇല്ലാത്തത് ആര് കൊണ്ട് വന്നാലും അത് തള്ളണമെന്ന് നബി(സ്വ)പറഞ്ഞത് നാം വായിച്ചുവല്ലോ? സ്വയം ഇഛക്കൊത്ത് നബിദിനാഘോഷം നല്ലതാണെന്ന് പറഞ്ഞ ആളുകളൊന്നും പ്രവാചകന്റെ ഈ കൽപനയിൽ നിന്നൊഴിവല്ല. ഇനി നബിദിന വാദികളോട് ചോദിക്കട്ടെ:

1) നബി(സ്വ) അഖീഖ അറുത്തത് നബിദിനാഘോഷത്തിന് തെളിവായി നിങ്ങൾ ഉദ്ധരിക്കുന്നുണ്ടല്ലോ? റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടാം തിയ്യതിയിലും പ്രത്യേകമായിട്ടായിരുന്നോ അവിടുന്ന് ഈ കൃത്യം നിർവ്വഹിച്ചത്? ഈ മാസവും പന്ത്രണ്ടാം തിയ്യതിയുമായി പ്രത്യേകം ബന്ധപ്പെട്ട ഒരു കർമ്മമാണോ അഖീഖ അറുക്കൽ? ആർക്ക് എന്ന് കുട്ടിയുണ്ടായാലും അഖീഖ അറുക്കേണ്ടത് റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടിലും പ്രത്യേകമായിട്ടാണോ? നബിദിനാഘോഷം പോലെ നബി(സ്വ)യും സ്വഹാബികളും ഇത് വർഷം തോറും ആവർത്തിച്ചുവോ? നബി(സ്വ)ക്ക് പുറമെ മറ്റു സ്വഹാബികൾ ആരെങ്കിലും അവിടുത്തേക്ക് വേണ്ടി അഖീഖ അറുത്തോ.? ഇല്ലെങ്കിൽ കൊല്ലം തോറും ആവർത്തിക്കുന്ന റബീഉൽ അവ്വൽ മാസവും പന്ത്രണ്ടാം തിയ്യതിയുമായി ഇതിനെന്ത് ബന്ധം? മേൽ മാസത്തിലും തിയ്യതിയിലും പ്രത്യേകമായി ചെയ്യുന്ന ആചാരങ്ങളെ കുറിച്ചാണ് തർക്കമെന്ന വസ്തുത മറന്ന് പോയോ?

2) തിങ്കളാഴ്ച നോമ്പ് നബിദിനാഘോഷത്തിന് തെളിവാക്കാറുണ്ടല്ലോ? റബീഉൽ അവ്വൽ മാസവും പന്ത്രണ്ടാം തിയ്യതിയും പ്രത്യേകം നോൽക്കേണ്ടതാണോ ഈ നോമ്പ്.? അല്ലെങ്കിൽ നിങ്ങൾ പ്രത്യേകമായി ചെയ്യുന്ന ബിദ്അത്തിന് ഇതെങ്ങനെ തെളിവാകും?

3) നബി(സ്വ)യും സ്വഹാബികളും പരസ്പരം മദ്ഹ് പറഞ്ഞ ഹദീസുകൾ നബിദിനാഘോഷത്തിന് തെളിവായി ഉദ്ധരിക്കാറില്ലേ. റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടാം തിയ്യതിയും പ്രത്യേകമായിട്ടായിരുന്നോ അവർ ഇതെല്ലാം ചെയ്തിരുന്നത്.? എങ്കിൽ അതും കൂടി സ്വഹീഹായ ഹദീസുകളിൽ നിന്ന് ഉദ്ധരിക്കുക.

4) മുഹറം പത്തിലെ നോമ്പ് നബിദിനാഘോഷത്തിന് തെളിവാക്കുന്നുണ്ട്. ഇത് റബീഉൽ അവ്വൽ മാസത്തിലും പന്ത്രണ്ടിലുമാണോ? മൂസാ നബി(അ)യെ പ്രസവിക്കപ്പെട്ട മാസവും തിയ്യതിയിലുമാണോ മുഹർറം പത്ത്.? ആരുടെയെങ്കിലും ജനനത്തെ ആസ്പദമാക്കിയാണോ ഈ നോമ്പ്? വിഷയവുമായി ബന്ധമില്ലാത്ത ഈ നോമ്പ് എടുത്തുദ്ധരിച്ച് എന്തിന് ജനങ്ങളെ കബളിപ്പിക്കണം?

പൂർവ്വകാല പ്രവാചകന്മാരുടെ ജന്മദിനം ആചരിക്കുക എന്ന സമ്പ്രദായം അക്കാലത്തുള്ള മുസ്ലിംകൾക്കുണ്ടായിരുന്നില്ലെന്ന് നബിദിന വാദികൾ തന്നെ സമ്മതിക്കുന്നു: ''അതേ സമയം പൂർവ്വിക പ്രവാചകന്മാരുടെ ജന്മദിനം കഴിഞ്ഞകാല മുസ്ലിംകൾ ആചരിച്ചതായി എവിടെയും കാണുന്നില്ല. അത്കൊണ്ടാണിന്നും അത് പ്രത്യേകമായി ആചരിക്കപ്പെടാത്തത്?'' (സുന്നി വോയ്സ് 2002 ആഗസ്റ്റ് 16-31)

5) നബിദിനം ആഘോഷിക്കാതിരിക്കൽ കാപട്യമാണെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ (സിറാജ് 2007. മാർച്ച് 9) റബീഉൽ അവ്വൽ മാസത്തിലും 12-ാം തിയ്യതിയിലും പ്രത്യേകമായ മതചടങ്ങുകളൊന്നും ചെയ്യാതിരുന്ന നബി(സ്വ)യും സ്വഹാബികളും കപടന്മാരായിരുന്നോ? (നഊദുബില്ലാഹ്)

6) നബിദിനാഘോഷത്തിന്റെ തെളിവായി അബൂലഹബ് സ്വപ്നം കാണിക്കപ്പെട്ട തെളിവ് ഉദ്ധരിച്ചു കൊണ്ട് നബിദിനവാദികളുടെ വാരികയിൽ ഇപ്രകാരമെഴുതുന്നു: ''നബിദിനാഘോഷം അനുവദനീയം തന്നെ. തെളിവുകൾ. ഒന്ന്. നബിദിനാഘോഷം എന്നത് നബി(സ) ഭൂജാതനായതിലുള്ള സന്തോഷവും ആഹ്ലാദവും പ്രകടിപ്പിക്കലാണല്ലോ? കാഫിറിന് പോലും ഉപകാരം

കിട്ടിയ ഒന്നത്രെ അത്. നബി(സ)യുടെ പ്രസവ വാർത്ത സുവൈബത്തുൽ അസ്‌ലമിയ്യ എന്ന തന്റെ ഭൃത്യ അബൂലഹബിനെ അറിയിച്ചപ്പോൾ അതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് അബൂ ലഹബ് അവളെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചു. അത് കാരണം എല്ലാ തിങ്കളാഴ്ച്ചയും നരക ശിക്ഷ ലഘൂകരിക്കപ്പെട്ടു എന്ന ഹദീസ് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്തതായി കാണാം. ഖുർ ആനിൽ പേരെടുത്ത് ആക്ഷേപിക്കപ്പെടുകയും കാലാകാലം നരകത്തിലാണെന്ന് വിധിയെഴുത പ്പെടുകയും ചെയ്ത അയാൾക്ക് നബി(സ)യുടെ ജന്മദിനത്തിൽ ആഹ്ലാദം പ്രകടിപ്പിച്ചതിനാൽ എല്ലാ തിങ്കളാഴ്ചയും നരക ശിക്ഷ ലഘൂകരിക്കപ്പെട്ടുവല്ലോ? എങ്കിൽ ജീവിതാന്ത്യം വരെ നബി(സ)യുടെ ജന്മദിനത്തിൽ സന്തോഷിക്കുകയും സന്തോഷിപ്പിക്കുകയും അല്ലാഹുവിൽ വിശ്വസിച്ചവരായി മരണപ്പെടുകയും ചെയ്തവനെ സംബന്ധിച്ചു എന്ത് വിചാരിക്കാം എന്ന ആശയം വരുന്ന ഒരു പദ്യം അൽ ഹാഫിസ് ശംസുദ്ധീൻ അൽ ദിമശ്ഖി പാടിയതായി രേഖ പ്പെട്ടിട്ടുണ്ട്.'' (സത്യധാര – 2004 ഏപ്രിൽ 16)

നബിദിനാഘോഷത്തിന്റെ ഒന്നാം തെളിവായി ഇവിടെ ഉദ്ധരിച്ചത് തന്നെ കൊടിയ കാഫിറായ അബൂലഹബ് സ്വപ്നത്തിലൂടെ കാണിക്കപ്പെട്ട കാര്യങ്ങളാണ്. എന്നാൽ മറ്റൊരു നബിദിന വാദി എഴുതുന്നത് കാണുക: ''അമ്പിയാക്കളൊഴിച്ചുള്ളവരുടെ സ്വപ്നങ്ങൾ ഇസ്‌ലാമിൽ രേഖയല്ല. സ്വപ്നമടിസ്ഥാനമാക്കി ശറഇൽ ഒരു നിയമം സ്ഥിരപ്പെടില്ലെന്ന് ചുരുക്കം.'' (ശാഫിഈ മദ്ഹബ് പേജ് 5 എ.പി അബൂബക്കർ മുസ്‌ലിയാർ)

ഇതേ നബിദിന വാദി തന്നെ വീണ്ടുമെഴുതുന്നു: ''സ്വഹാബിയുടെ സ്വപ്നവും രേഖയായി പരി ഗണിക്കപ്പെടില്ല.'' (അതേ പുസ്തകം പേജ്. 8)

അബൂലഹബ് സ്വപ്നം കാണിക്കപ്പെട്ട സംഭവം രേഖയാക്കുന്നതിനെ കുറിച്ച് നബിദിനക്കാരുടെ മറ്റൊരു മാസികയിൽ എഴുതുന്നു: ''ഇത്തരം സ്വപ്നങ്ങൾ ദീനിൽ തെളിവല്ലെന്നാണ് മറ്റൊരു വാദം. പ്രവാചകന്മാരുടെതല്ലാത്ത സ്വപ്നങ്ങൾ ദീനിൽ തെളിവല്ലെന്നതു ശരിയാണ്. നബി(സ) യുടെ ജന്മദിനാഘോഷത്തിന് പ്രമാണമായി സുന്നികൾ ഈ ഹദീസ് ഉദ്ധരിക്കുന്നില്ല എന്നോർക്കണം.'' (സുന്നത്ത് മാസിക. 2006 ജൂലൈ)

ഇതിൽ ആര് പറയുന്നതാണ് അനുയായികൾ അംഗീകരിക്കേണ്ടത്? സ്വപ്നത്തിന്റെ ഹദീസ് നബിദിനാഘോഷത്തിന്റെ ഒന്നാം തെളിവായി ഉദ്ധരിച്ച സത്യധാരക്കാരൻ നിങ്ങളുടെ വിശ്വാസ ത്തിൽ സുന്നിയല്ലേ? സ്വഹാബികളുടെ സ്വപനം പോലും എങ്ങിനെ നിങ്ങൾ തെളിവായി ഉദ്ധരിച്ച സത്യധാരക്കാരൻ നിങ്ങളുടെ വിശ്വാസത്തിൽ സുന്നിയല്ലേ? സ്വഹാബികളുടെ സ്വപ്നം പോലും മതത്തിൽ തെളിവല്ലെന്നിരിക്കെ കൊടിയ കാഫിറായ ഒരാളെ കണ്ടു എന്ന് പറയുന്ന സ്വപ്നം എങ്ങിനെ നിങ്ങൾ തെളിവായി ഉദ്ധരിച്ചു? പരലോക മോക്ഷമാണോ അതോ നുണ പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കലാണോ നിങ്ങളുടെ ലക്ഷ്യം?

7) നബിദിന വാദികളുടെ മാസികയിൽ  ഒരിടത്ത് ഇങ്ങിനെ എഴുതിക്കാണുന്നു: ''രണ്ടു സുപ്ര ധാന ആഘോഷങ്ങളാണ് മുസ്‌ലിം ലോകത്തിനുള്ളത്. ഈദുൽ ഫിത്വർ ഈദുൽ അസ്ഹാ''. (സന്മാർഗ ശബ്ദം – 1984 ജൂൺ 10)

മറ്റൊരു നബിദിന വാദിയെഴുതുന്നു: ''മുസ്‌ലിംകൾക്ക് രണ്ടാഘോഷങ്ങളാണ് ഉള്ളത്. ഇതു തന്നെ ഇസ്‌ലാം നിഷ്കർഷിച്ച രൂപത്തിലും നീതിയിലും മാത്രമേ പാടുള്ളൂ.'' (ചന്ദ്രിക 2002 സെപ്ത 7 ഖാജാ മുഹ്‌യുദ്ധീൻ സഖാഫി – ആലപ്പുഴ).

ഇതിനെയെല്ലാം തകിടം മറിച്ചു നബിദിനക്കാരുടെ മറ്റൊരു മാസികയിലെഴുതുന്നു: ''നബിദിനം മുസ്‌ലിംകൾക്ക് ആഘോഷമാണ്. പെരുന്നാളിനേക്കാൾ വലിയ ആഘോഷം.'' (രിസാല 1987 നവംബർ)

നബി(സ്വ)യുടെയും സ്വഹാബത്തിന്റെയും കാലം മുതൽ ആറാം നൂറ്റാണ്ട് വരെയും നിലവിലി ല്ലാത്ത ഈ ദുരാചാരം ഇസ്‌ലാമിൽ സ്ഥിരപ്പെട്ട രണ്ട് പെരുന്നാളുകളേക്കാൾ ശ്രേഷ്ഠതയും

പ്രധാന്യവുമുള്ളതായും മഹത്തരമെന്ന് നിങ്ങൾ പറയുന്ന ഈ മാസത്തിലും തിയ്യതിയിലും നബി(സ്വ)യും സ്വഹാബത്തും ചെയ്ത പ്രധാന കർമ്മങ്ങൾ എന്തൊക്കെയാണ്? ഈ മാസ ത്തെയും തിയ്യതിയെയും അവർ പെരുന്നാളുകളേക്കാൾ പ്രധാന്യമാക്കിയിരുന്നത് എങ്ങനെ?

8) നബിദിനക്കാരുടെ ഒരു മാസികയിൽ എഴുതുന്നു: ''ഏറ്റവും പുണ്യമുള്ള രാത്രി നബി(സ) ജനിച്ച രാത്രി തന്നെയാണ്. ശേഷം ലൈലത്തുൽ ഖദ്ർ.''(പൂങ്കാവനം 2008 മാർച്ച്)

തുടർന്ന് ഈ മാസികയിൽ ഇത്ര കൂടിയെഴുതുന്നു: ''ഇതിൽ നിന്നും ഏറ്റവും മഹത്വമുള്ള രാത്രി റബീഉൽ അവ്വൽ പന്ത്രണ്ടിന്റെ സുബ്ഹിക്ക് മുമ്പാണെന്ന് വ്യക്തമായി. ആ സമയത്ത് മൗലിദിന് പ്രത്യേക പുണ്യം ലഭിക്കും.''

ലൈലത്തുൽ ഖദ്റിന്റെ ശ്രേഷ്ഠത ക്വുർആൻ കൊണ്ടും ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടതാണ്. റബീഉൽ അവ്വൽ പന്ത്രണ്ടാം രാവിന്റെ ശ്രേഷ്ഠത എവിടെയാണ് കൂട്ടരെ പറഞ്ഞിട്ടുള്ളത്? ഖസ്തല്ലാനി പറഞ്ഞു, ശർവാനി പറഞ്ഞു എന്നെല്ലാമാണല്ലോ നിങ്ങൾ തെളിവ് പറയുന്നത്? സ്വയം യുക്തിയിൽ കെട്ടിപ്പടുത്ത ഒരു രാത്രിക്ക് അല്ലാഹു മഹത്വം കൽപിച്ചതിനേക്കാൾ ശ്രേഷ്ഠതയുണ്ടെന്ന് പറയാൻ മതത്തിൽ ഇവർ ആരാണ്? നബിദിന വാദികൾ  തന്നെ ഈ കള്ളത്തരം പൊളിക്കുന്നത് കാണുക: ''രാത്രികളിൽ ഏറ്റവും പുണ്യം ആയിരം മാസത്തേക്കാൾ മഹത്വമുള്ള ലൈലത്തുൽ ഖദ്റിനാണ്. ഇതാണ് പ്രബലാഭിപ്രായം.'' (സുന്നി അഫ്കാർ വാരിക 2008 ഏപ്രിൽ 9)

''ഇമാം ഖസ്തല്ലാനി(റ)ക്ക് അത്തരമൊരു ദർശനം (മവാഹിബ് 1–130) ഉണ്ടെങ്കിലും ലൈല ത്തുൽ ഖദ്റിനാണ് മറ്റെല്ലാ രാവുകളേക്കാളും പുണ്യമെന്നതാണ് പ്രബലം''. (ബുൽ ബുൽ മാസിക – 2007 ഡിസംബർ)

സ്വന്തം മതത്തിൽ തന്നെയുള്ള പ്രബലാഭിപ്രായങ്ങൾ തള്ളി ക്വുർആൻ കൊണ്ട് മഹത്വം സ്ഥിര പ്പെട്ട രാവിനേക്കാൾ മഹത്വം നബി(സ്വ) ജനിച്ച രാത്രിക്കുണ്ടെന്ന് തട്ടിവിട്ട നിങ്ങൾ പിശാചിന്റെ കക്ഷികളല്ലെങ്കിൽ മറ്റാരാണ് പിശാചിന്റെ കക്ഷികൾ?

9) സിറാജ് പത്രത്തിൽ നബി(സ്വ)യുടെ ജനന തിയ്യതിയെ കുറിച്ച് ഇപ്രകാരമെഴുതുന്നു: ''ചരിത്ര ത്തിന്റെ വെളിച്ചത്തിലാണ് പ്രവാചക ജനനം. അവിടത്തെ കുടുംബത്തെ പറ്റി സന്ദേഹമോ ജനന തിയ്യതിയിൽ അവ്യക്തതയോ ജീവിതത്തെ കുറിച്ച് അഭ്യൂഹങ്ങളോ ഇല്ല.''(1999 ജൂൺ 26)

ഇത് പച്ചക്കള്ളമല്ലേ? ഇല്ലാത്ത മദ്ഹ് പറഞ്ഞ് പുകഴ്ത്താൻ മാത്രം എന്ത് പോരായ്മയാണ് നബി(സ്വ)ക്കുള്ളത്.? ജനന തിയ്യതിയിൽ നബിദിന വാദികൾ തന്നെ അവ്യക്തത രേഖപ്പെടു ത്തുന്നത് കാണുക: ''അബ്ദുല്ലയുടെ മരണ ശേഷം ഒമ്പത് മാസം കഴിഞ്ഞ് റബീഉൽ അവ്വൽ എട്ടിന് തിങ്കളാഴ്ച രാവ് പകുതിയായതിന് ശേഷം നബി(സ്വ)മക്കയിൽ ജനിച്ചു. റബീഉൽ അവ്വൽ രണ്ടാം രാവിലാണെന്നും പത്താം രാവിലാണെന്നും പന്ത്രണ്ടിലാണെന്നും പതിനേഴിലാ ണെന്നും അഭിപ്രായവ്യത്യാസമുണ്ട്. 'അൽ മവാഹിബുല്ലദുന്നിയ്യ' എന്ന ഗ്രന്ഥത്തിൽ ഇതെല്ലാം പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ എട്ടാം രാവിലാണെന്ന അഭിപ്രായമാണ് ഹദീസ് പണ്ഡിതന്മാർ ബലപ്പെടുത്തിയിട്ടുള്ളത്. ചരിത്ര പണ്ഡിതന്മാരും ഈ അഭിപ്രായത്തിൽ ഏകോപിച്ചിട്ടുണ്ട്.'' (കർമ്മ ശാസ്ത്ര സരണി 2/313 സുന്നി പബ്ലിക്കേഷൻ സെന്റർ ചെമ്മാട്).

ഇല്ലാത്ത ഒരാഘോഷം സ്ഥാപിച്ചെടുക്കാൻ ഇങ്ങിനെയൊക്കെ ഇവർ കള്ളം പറഞ്ഞില്ലെങ്കിലേ നമുക്കൽഭുതമുള്ളൂ.